3021(3)/22

04 MAY 2022

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ഐക്കോൺസ്- തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ.മുരുകൻ.സി.നായരെ ഐക്കോൺസിൽ ന്യൂറോളജിസ്റ്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച ഉത്തരവാകുന്നു.

---

ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.939/2022/ആ.കു.വ തീയതി, തിരുവനന്തപുരം, 28.04.2022

---

പരാമർശം:- 1. ഐക്കോൺസ് ഡയറക്ടറുടെ 24.11.2021, 10.03.2022 എന്നീ തീയതികളിലെ 554/Estt/2021/ICCONS-TV നമ്പർ കത്തുകൾ

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22.12.2021 ലെ ഇ.എ 6/86942/2021/ആ.വ.ഡ നമ്പർ കത്ത്

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ആയി ജോലി ചെയ്ത് വരുന്ന ഡോ.മുരുകൻ.സി.നായരെ ഐക്കോൺസിൽ ന്യൂറോളജിസ്റ്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്ന് ഐക്കോൺസ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ.മുരുകൻ.സി.നായരെ ഐക്കോൺസിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് ന്യൂറോളജിസ്റ്റായി നിയമിക്കുന്നതിന് ആരോഗ്യവകുപ്പിന് തടസ്സങ്ങളൊന്നും ഇല്ലെന്നു ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിൽ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ആയി ജോലി ചെയ്ത് വരുന്ന ഡോ.മുരുകൻ.സി.നായരെ ഐക്കോൺസിൽ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വർഷത്തേക്ക് ന്യൂറോളജിസ്റ്റായി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബി.സുരേന്ദ്രൻ പിള്ള**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

ഡയറക്ടർ, ഐക്കോൺസ്, പുലയനാർകോട്ട, മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡോ.മുരുകൻ.സി.നായർ, കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ്, ജനറൽ ആശുപത്രി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

29482

**GOVERNMENT OF KERALA**

റെഫറൻസ് നം ഇ6-86942/2021 നമ്പർ തിയതി. 04.05.2021

ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി

4/5/22